(c) About Rs. 1,90,000. Correct figures will be available only after all the bills of cost relating to the various centres are finalised.

Sri. D. Gnanasigamoni: May I know whether the Minister is in a position to say whether all the poromboke lands have been acquired for the purpose?

Sri. T. K. Narayana Pillai: In the majority of cases lands have been acquired.

Sri. D. Gnanasigamoni: Has it come to the notice of Government that, even in places where poromboke lands are available, private lands were acquired?

Sri. T. K. Narayana Pillai: No.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കഷ്കതൊഴിലാളികൾക്ക വേണ്ടി എത്ര കെട്ടിടങ്ങൾ വെച്ചിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകിച്ച് അറിവില്ല. ചില സ്ഥലങ്ങളിലുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എവിടെയെല്ലാമാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഫൻ ഈ ഫൽ ചേത്തല, തിരുവനന്തപുരത്ത് ഉള്ളൂർ എന്നിങ്ങനെ മൂന്നാല സ്ഥലത്ത വച്ചിട്ടുണ്ട്.

TREATMENT FOR RABY DOG BITES

*674. [4] ‡**Sri. K. Ramachandran:** Will the Hon'ble Minister for Finance and Revenue be pleased to state the number of hospitals where treatment is accorded for raby dog bites.—

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉ൯.

ശ്രീ. എം. ഐ. പോൾ: എറണാകുളം ജനറൽ ആസ്പത്രിയിലേക്ക് പേപ്പട്ടി ചികിത്സക്കുള്ള മരുന്ന ഇപ്പോഴും തിരുവനന്തപുരത്തുനിന്നുതന്നെയാണോ അയക്കുന്നത്.

ശ്രീ. എ. ജെ. ജോൺ: അതെ.

ശ്രീ. എം. ഐ. പോൾ: മുൻപു എറണാകുളത്ത് ജനറൽ ആസ്പത്രിയിൽ തന്നെ മരുന്ന ഉണ്ടാക്കി സൂക്ഷിക്കയല്ലയോ പതിവു്?

ശ്രീ. എ. ജെ. ജോൺ: മരുന്ന കുറെ ദിവസം മാത്രമെ സൂക്ഷിക്കാൻ ഒക്കുകയുള്ളൂ.

ശ്രീ. ഇട്ടിര അയ്യക്കൻ: സർ, പേപ്പട്ടി എന്ന പ്രയോഗിക്കുന്നത പാർലിമെൻറി ആണോ?

മി. സ്പീക്കർ: പേപ്പട്ടിയെന്ന വാക്കിൽ ആക്ഷേപാർഹമായി ഒന്നുമില്ല.

ശ്രീ. എം. ഐ. പോൾ: പേപ്പട്ടികടിച്ചാൽ ഇപ്പോൾ എറണാകുളം ജനറൽ ആസ്പത്രിയിൽ മരുന്ന കിട്ടുന്നില്ലെന്ന ഗവണ്മെണ്ടിനു് പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

ശ്രീ. ഇട്ടിര അയ്യക്കൻ: തിരുവനന്തപുരം സിറ്റിയിൽ പേപ്പട്ടി ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടോ എന്നു് നിശ്ചയമില്ല: പേപ്പട്ടി കടിച്ച ചികിത്സയ്ക്കു് ഇവിടെ ആളുകൾ വരാറുണ്ട്.

---

‡ The question was put by Sri. M. I. Paul, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ: എറണാകുളത്തു് ഇപ്പോൾ മരുന്നില്ലെന്ന വസ്തുത അറിവുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

കൃഷിചെലവും ഉല്പാദനവും

*൩൭൪. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് സാധാരണയായി എന്തു ചെലവാകും;

(ബി) തിരുവിതാംകൂറിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് എന്തു ചെലവാകും;

(സി) കൊച്ചിയിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഡി) തിരുവിതാംകൂറിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഇ) ഡിസംബറിൽ ബോംബെയിൽ കൂടിയ ഭക്ഷ്യസമ്മേളനത്തിൽ വെച്ചു് തിരുവിതാംകൂർ-കൊച്ചിക്കു് അരികേപാട്ടാ വല്പിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു് നെൽകൃഷി ചെയ്യുന്നതിനു് ൫൦—൬൦ രൂപാ വരെ ചെലവാകും.

(ബി) തിരുവിതാംകൂറിൽ ഒരേക്കറിനു് ൬൦—൭൫ രൂപാ വരെ ചിലവുവരും.

(സി) ഏകദേശം ൫,൩൫,൦൦൦൦ പറ നെല്ലു്.

(ഡി) ഏകദേശം ൩,൫൮,൦൦൦൦ പറ നെല്ലു്.

(ഇ) ഉണ്ടു്. ൩,൫ ൫൦൦൦ ടൺ ഭക്ഷ്യധാന്യകേപാട്ടാ അനുവദിച്ചിട്ടുണ്ടു്. ഇതു് ൧൯൪൦-ലെ കേപാട്ടയേക്കാൾ ൫ ൫൦൦൦ ടൺ കൂടുതലാണു്.

നെല്ലിന്റെ വില

*൩൭൫. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെല്ലിന്റെ വില വർദ്ധിപ്പിക്കുന്നതിനെപ്പറ്റി തിരുവിതാംകൂർ-കൊച്ചി കേന്ദ്രഗവർമ്മെണ്ടിനു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചു് വില വർദ്ധിപ്പിക്കാൻ അനുവാദം കിട്ടിയോ;

(സി) ഇൻഡ്യാഗവർമ്മെണ്ടിന്റെ അനുവാദം കൂടാതെ നെല്ലിന്റെ വില തിരുവിതാംകൂർ-കൊച്ചി ഗവർമ്മെണ്ടിനു് കൂട്ടാൻ അധികാരമില്ലേ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly